A.M.L.P.
SCHOOL
PATTUPARAKULAMBA
Ph:0483-2800003 Estd. 1952

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26




## എ എം എൽ പി സ്കൂൾ
## പാട്ടുപാറക്കുളമ്പ


എ.എം.എൽ.പി. സ്കൂൾ . പാട്ടുപാറക്കുളമ്പ
മലപ്പുറം സബ് ജില്ല

# ചരിത്രം

പാരമ്പര്യ മതപഠനത്തിനായി മൊല്ലമാർ സ്വന്തം ചെലവിൽ നടത്തിവന്നിരുന്ന ഓത്തു പള്ളികളായിരുന്നു ഒരു കാലത്ത് നമ്മുടെ പാഠശാലകൾ. അവിടുന്ന് ലഭിക്കുന്ന അറിവായിരുന്നു സാധാരണക്കാരന്റെ ഏക ആശ്രയം. അത്തരം മൂന്നുനാല് ഓത്തുപള്ളികളാൽ സമ്പന്നമായിരുന്ന നമ്മുടെ നാടും, വ്യാഴാഴ്ചകളിൽ കുട്ടികൾ നൽകുന്ന പിടി അരിയായിരുന്നു മൊല്ലയുടെ ഫീസ്. ബ്രിട്ടീഷുകാരോടുള്ള കടുത്ത വിരോധം അവ രുടെ ഭാഷയോടും വിദ്യാഭ്യാസത്തോടും കൂടിയുള്ള വെറുപ്പായി മാറിയപ്പോൾ മാപ്പിളമാരെ ഭൗതിക വിദ്യാ ഭ്യാസത്തിലേക്കാകർഷിക്കാനുള്ള എളുപ്പവഴിയായാണ് മലബാറിൽ ഓത്തുപള്ളികളിൽതന്നെ സ്കൂളുകൾ ആരംഭിച്ചത്. പിന്നീട് സ്കൂളുകളിൽ മതപഠനം സർക്കാർ നിരോധിക്കുന്നത് വരെ മതപഠനവും ഭൗതിക വിദ്യാഭ്യാസവും ഒരുമിച്ച് അത്തരം സ്കൂളുകളിൽ നൽകിവന്നിരുന്നു.

ഇപ്പോൾ നമ്മുടെ സ്കൂളിലേക്കുള്ള റോഡ് കടന്നുപോകുന്ന വഴിയിൽ (പരേതനായ സെയ്തലവി മാഷിന്റെ വീടിനടുത്ത്) പരേതനായ പാട്ടുപാറ ബീരാൻകുട്ടി മുസ്‌ലി യാരും ഒരു ഓത്തുപള്ളി (ഓലഷെഢിൽ) നടത്തി വന്നിരുന്നു. അവിടെയാണ്, ആ മഹാൻ്റെ ദീർഘവീക്ഷണത്തിന്റെയും സമർപ്പണ മനസ്സിൻ്റെയും ബഹിർസ്ഫുരണമായി 01-01-1952 ൽ പാട്ടുപാറക്കുളമ്പ എ.എം.എൽ.പി. സ്കൂളിന് തുടക്കം കുറിച്ചത്. പൊന്മള മുട്ടിപ്പാലം ഭാഗ മുലകളിൽനിന്നുമുള്ള ആളുകളും പാട്ടുപാറക്കുളമ്പിൻ്റെ (ഒറ്റത്തറ) എല്ലാ ആളുകളും അന്ന് ഇവിടെ എത്തി മത-ഭൗതിക വിദ്യാഭ്യാസം നേടി.

ബലാരിഷ്ടതകളുടെ ദുരിതക്കയത്തിലായിരു ന്നിട്ടും, ഓലഷെഢിനു പകരം സുശക്തവും മനോഹരവുമായ ഓടുമേഞ്ഞ പുതിയ കെട്ടിടം 1958ൽ പൂർത്തിയാക്കാൻ മാനേജർക്ക് സാധിച്ചു. 60 വർഷത്തിനുശേഷവും ആ കെട്ടിടത്തിന് ഒരു ബലക്കുറവോ കേടുപാടോ ഇല്ല. 1995ൽ മരണപ്പെടുന്നതുവരെ ബീരാൻകുട്ടി മുസ്‌ലിയാർ മാനേജരായി തുടർന്നു. പുതിയ രീതിയിലുള്ള 4 ക്ലാസുകളും രണ്ട് കെ.ജി. ക്ലാസുകളും നടത്താനും കമ്പ്യൂട്ടർലാബ്, ലൈബ്രറി, ഓഫീസ് തുടങ്ങിയവ സംവിധാനിക്കാനും പുതിയ കെട്ടിടം അത്യാവശ്യമാണെന്ന തിരിച്ചറിവിൽനിന്നാണ് ഇപ്പോഴത്തെ മാനേജ്മെൻ്റ് ഇന്ന് കാണുന്ന രണ്ടുനില കെട്ടിട ത്തിന് രൂപരേഖ തയ്യാറാക്കിയതും അതിവേഗത്തിൽ അതിന്റെ ഗ്രൗണ്ട് ഫ്ളോർ പണി പൂർത്തിയാക്കിയതും അതോടെ നാട്ടുകാരും ഉണർന്ന് പ്രവർത്തിക്കുകയും ക്ലാസ്സുകളിലേക്കാവശ്യമായ ബെഞ്ച്, ഡെസ്ക്, മേശ, ഫാൻ, ബോർഡ്, ടി.വി, എ.സി, റാക്ക് മുതലായവ മുഴു വനും നൽകാൻ തയ്യാറായി മുന്നോട്ടു വരികയും ചെയ്തു. 2024 ഓടെ അക്കാദമിക നിലവാരത്തിലും ഭൗതിക സൗകര്യങ്ങളിലും, പഞ്ചായത്തിലെ ഏറ്റവും മികച്ച വിദ്യാലയം എന്ന ലക്ഷ്യത്തിലേക്കുള്ള കുതിച്ചു ചാട്ടത്തിന് നാട്ടുകാരുടെയും പൂർവ വിദ്യാർത്ഥികളുടെയും നിർലോഭമായ ഈ പിന്തുണ കാരണമായിട്ടുണ്ട്.



# ആമുഖം

സമഗ്രഗുണമേന്മാവർഷാചരണത്തിന്റെ ലക്ഷ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ഉണ്ടാക്കിയിരിക്കുന്നത്. വൈജ്ഞാനികമേഖലയിലും സാമൂഹികമേഖലയിലും വൈകാരിക മേഖലയിലും ജീവിതനൈപുണികളിലും കുട്ടികളുടെ സമഗ്ര പുരോഗതി വികസിപ്പിക്കുന്നതിനും വിദ്യാലയാന്തരീക്ഷം കൂടുതൽ ശിശുസൗഹൃദപരവും അക്കാദമികവുമായി വികസിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികളാണ് നാം ആസൂത്രണം ചെയ്തിട്ടുള്ളത്. സമൂഹവും വിദ്യാലയവും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് ജനകീയ പങ്കാളിത്തത്തോടെ മാത്രമേ വിദ്യാലയത്തിന്റെ സമഗ്ര പുരോഗതി സാധ്യമാകൂ.. അധ്യാപക വിദ്യാർഥി രക്ഷാകർതൃബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള കർമപദ്ധതികളാണ് നാം ആസൂത്രണം ചെയ്തിട്ടുള്ളത്. ശാസ്ത്രീയവും ക്രിയാത്മകവും ശിശുകേന്ദ്രീകൃതവുമായ ബോധന വിലയിരുത്തൽ തന്ത്രങ്ങൾ വികസിപ്പിച്ചുകൊണ്ട് അക്കാദമിക പ്രവർത്തനങ്ങളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് എല്ലാവരുടെയും പങ്കാളിത്തത്തോടെ വിദ്യാലയത്തിന്റെ സമഗ്രഗുണമേന്മ ഉറപ്പുവരുത്തുന്നതാണ് ഈ മാസ്റ്റർപ്ലാൻ.

## അടിസ്ഥാന വിവരങ്ങൾ.

സ്കൂളിന്റെ പേര് : എ.എം.എൽ.പി.എസ്. പാട്ടുപാറക്കുളമ്പ

സ്കൂൾ കോഡ് : 18421

വിദ്യാഭ്യാസജില്ല : മലപ്പുറം

ഉപജില്ല : മലപ്പുറം.

B.R.C. : മലപ്പുറം.

ബ്ലോക്ക്പഞ്ചായത്ത് : മലപ്പുറം

വാർഡ് നമ്പർ : 14

പഞ്ചായത്ത് : കോഡൂർ

താലൂക്ക് : പെരിന്തൽമണ്ണ

ഇ.മെയിൽ ഐഡി : amlps pattuparakulamba@gmail.com.

Youtube : Stars of pattuparakulamba

Instagram : amlps pattuparakulamba.

# ഭാഷാശേഷിവികസനം.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| അടിസ്ഥാനഭാഷാശേഷി വികാസം | ഭാഷാക്ലബ്ബ്, പാട്ടും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ | June July | class teacher സ്കൂൾവികസന സമിതി | P.T.A. |
| ഉചിതമായ വ്യവഹാരരൂപങ്ങളിലുള്ള ലേഖനമി കവിത സർഗ്ഗാത്മകതയെ തട്ടിയുണർത്തുന്നു. | എഴുത്ത്, രചന ക്യാമ്പുകൾ<br>ലഘുപതിപ്പുകൾ<br>രചനശില്പശാല<br>കഥാ കവിതരചനകൾക്കുള്ള വേദിയൊരുക്കുന്നു. | ഒക്ടോബർ നവംബർ ഡിസംബർ | അധ്യാപകർ ക്ലബ്ബുകൾ [illegible]വ്യക്തികൾ | P.T.A. |
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകൽ | ജൂൺ to മാർച്ച് | അധ്യാപകർ | SRG |
| വായനാശേഷി വളർത്തൽ | ക്ലാസ്സ് വായനക്കൂട്ടം, ക്ലാസ്സ് ലൈബ്രറി ഒരുക്കൽ പുസ്തകപരിചയം, വായനക്കുറിപ്പ്, കഥാപരിചയം, ആനുകാലികവായന | ജൂൺ to മാർച്ച് | അധ്യാപകർ | PTA. SRG |
| എഴുത്ത് പരിപോഷിപ്പിക്കൽ | കഥാരചന, ഡയറി എഴുത്ത് അനുഭവക്കുറിപ്പ് തയ്യാറാക്കൽ, ക്ലാസ്സ് മാഗസിൻ School മാഗസിൻ | ജൂൺ to മാർച്ച് | അധ്യാപകർ | PTA. |
| | | | | |

| ലക്ഷ്യം | ഇംഗ്ലീഷ് പഠനപരിപോഷണം· പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ്മുറികളിൽ ഡെയ്‌ലി യൂസ് ചെറിയ വാക്യങ്ങൾ ഉപയോഗിക്കുന്നു. ഇംഗ്ലീഷ് കഥകൾ പറഞ്ഞുകൊടുക്കുന്നു. ഇംഗ്ലീഷ് പാട്ടുകൾ പാടിക്കൊടുക്കുന്നു. ചെറിയ വാക്യങ്ങൾ ചാർട്ടിൽ എഴുതുന്നു. | വർഷംമുഴുവൻ നീണ്ടുനിൽക്കുന്നു | ഇംഗ്ലീഷ് ക്ലബ്ബ് | PTA. |
| സ്പോക്കൺ ഇംഗ്ലീഷ് | "my English" എന്ന സ്പോക്കൺ ഇംഗ്ലീഷ് പുസ്തകം ഉപയോഗിക്കുന്നു. ആഴ്ചയിൽ 2 ദിവസം 1 മണിക്കൂർ ക്ലാസ്സുകൾ നൽകുന്നു. | വർഷംമുഴുവൻ നീണ്ടുനിൽക്കുന്നു | ഇംഗ്ലീഷ് ക്ലബ്ബ് | പി.ടി.എ. |
| ഇംഗ്ലീഷ് ഭാഷാപരിപോഷണം· | ആഴ്ചയിൽ ഒരിക്കൽ English Assembly മാസത്തിന്റെ അവസാനദിവസം English day ആയി ആചരിക്കുകയും അന്ന് എല്ലാവരും പരമാവധി English-ൽ സംസാരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. | വർഷംമുഴുവൻ | ക്ലാസ്സ് ടീച്ചർ | P.T.A. |
| ☆ സ്റ്റാർ ഓഫ് ദ മന്ത് | ഒന്നു മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ ഓരോ മാസത്തിലും മികച്ച ഒരു കുട്ടിയെ തെരഞ്ഞെടുത്ത് Assembly-യിൽ വെച്ച് ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | വർഷംമുഴുവൻ | ക്ലാസ്സ് ടീച്ചർ | പി.ടി.എ. |
| സർഗ്ഗാത്മകത രചനാശേഷി വികാസം | മാഗസിൻ തയ്യാറാക്കൽ | വർഷാവസാനം | ക്ലാസ്സ് ടീച്ചർ | പി.ടി.എ. |
| ഇംഗ്ലീഷ് ഫെസ്റ്റ് | വായനാമത്സരം, രചനാമത്സരം മറ്റു സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | വർഷാവസാനം | SRG ക്ലാസ്സ് ടീച്ചർ PTA | P.TA. |

# ഗണിതശേഷി വികസനം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളും നിർമ്മാണപ്രവർത്തനങ്ങളും ഉൾപ്പെടുന്ന ഗണിതം ലളിതമാക്കൽ. | ജ്യാമിതിയരൂപങ്ങളുടെ നിർമ്മാണം | June മാസം | SRG | PTA |
| ഗണിതചിന്താശേഷി വളർത്തൽ | ഗണിതത്തിലെ കുസൃതിചോദ്യങ്ങൾ (അസംബ്ലിയിൽ) ഒരുകൂട്ടം ആഴ്ച | വർഷം മുഴുവൻ | Class teacher | P.T.A. |
| ഗണിതം ലളിതമായ കളികളിലൂടെ | പാമ്പും കോണിയും പോലുള്ള കളി യുപകരണങ്ങൾ ഉപയോഗിച്ച് കളികളിൽ ഏർപ്പെടുന്നു. | വർഷം മുഴുവൻ | Classteacher | P.T.A. |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം | വർഷം മുഴുവൻ | class teacher | P.T.A. |
| കുട്ടികളിൽ സംഖ്യാബോധം ഗണിതആശയങ്ങൾ എന്നിവ വളർത്തൽ | മഞ്ചാടി, സഞ്ചി, ഗണിതകിറ്റ് എന്നിവ ഉപയോഗിക്കുന്നു. | വർഷം മുഴുവൻ | class teacher | P.T.A. |
| ചതുഷ്ക്രിയകളിൽ പ്രാവീണ്യം നേടൽ | ഗണിതപാട്ടുകൾ, ഗണിതകളികൾ പ്രശ്നാപഗ്രഥന പ്രവർത്തനങ്ങൾ, കാർഡുകളികൾ എന്നിവയിൽ ഏർപ്പെടുന്നു. | വർഷം മുഴുവൻ | Classteacher | P.T.A. |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആഹാരശീലങ്ങളും ഭക്ഷണവസ്തുക്കളുടെ പ്രത്യേകതകൾ തിരിച്ചറിയൽ | ഭക്ഷ്യമേള പ്രദർശനം. നാടൻവിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകം. | ആഗസ്റ്റ് | ടീച്ചർ, പി.റ്റി.എ. | പി.റ്റി.എ. |
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | പോസ്റ്റർ രചന, ശുചിത്വപാട്ടുകൾ Documentary പ്രദർശനം | ജൂൺ, ജൂലായ് | ക്ലാസ്സ്ടീച്ചർ | പി.റ്റി.എ. |
| ശാസ്ത്രബോധം വളർത്തുക | ലഘുപരീക്ഷണങ്ങൾ നടത്തുന്നു. ലഘുപരീക്ഷണ ശില്പശാലകൾ നടത്തുന്നു. | വിവിധമാസങ്ങളിൽ | ടീച്ചർ | പി.റ്റി.എ. |
| നിരീക്ഷണം, അറിവ് നിർമ്മാണം. | ഫീൽഡ്ട്രിപ്പ് സംഘടിപ്പിക്കൽ | ആവശ്യാനുസരണം. | ടീച്ചർ | പി.റ്റി.എ. |
| ശാസ്ത്രപഠനം ലളിതവും രസകരവും ആക്കൽ താല്പര്യം വളർത്തൽ | ശാസ്ത്രപഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ആവശ്യാനുസരണം | ടീച്ചർ | പി.റ്റി.എ. |
| പ്രകൃതിയെ അറിയൽ | വയലുകൾ, കൃഷി തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | ആവശ്യാനുസരണം | ടീച്ചർ | പി.റ്റി.എ. |

# കലാ കായിക പ്രവൃത്തി പരിചയം.

| ലക്ഷ്യം | നിർദ്ദേശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| കുട്ടികളുടെ കലാശേഷി വർധിപ്പിക്കൽ | ഒറിഗാമി നിർമ്മാണം. ശില്പശാലകൾ/സഹവാസ ക്യാമ്പുകൾ/ ബാലസഭ, ചിത്രരചനാ ക്യാമ്പ്, ചുമർ പത്രിക, മാഗസിനുകൾ ~~[illegible]~~. തയ്യാറാക്കൽ | വിവിധമാസങ്ങളിൽ | എസ്.ആർ.ജി. | പി.ടി.എ. |
| കുട്ടികളുടെ കലാ കായിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ | കുങ്ഫു പരിശീലനം. ആഴ്ചയിൽ ഒരിക്കൽ 2 മണിക്കൂർ. | വർഷം മുഴുവൻ | എസ്.ആർ.ജി. | പി.ടി.എ. |
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | ഫുട്ബോൾ പരിശീലനം | ജനുവരി, ഫെബ്രുവരി മാർച്ച് | ~~[illegible]~~ ടീച്ചർ | പി.ടി.എ. |
| ജൈവ പച്ചക്കറികൃഷി | സ്കൂളിലെ ഉച്ചഭക്ഷണത്തിനാവശ്യമായ പച്ചക്കറികളും ഇഞ്ചിയും സ്കൂളിൽ തന്നെ കൃഷി ചെയ്യുന്നു. | വർഷം മുഴുവൻ | ടീച്ചർ | പി.ടി.എ. |
| മാലിന്യസംസ്കരണം | ഓരോ ക്ലാസുകളിലേയും മാലിന്യങ്ങൾ ഓരോ ദിവസവും രാവിലെ വേസ്റ്റ്ബിന്നിൽ നിക്ഷേപിച്ച് ഹരിതകർമ്മസേനക്ക് കൈമാറുന്നു. | വർഷം മുഴുവൻ | ടീച്ചർ | പി.ടി.എ. |
| വ്യായാമത്തിന്റെ പ്രാധാന്യം മനസ്സിലാക്കൽ | എയറോബിക്സ് പരിശീലനം, സുംബ പരിശീലനം | വർഷം മുഴുവൻ | ടീച്ചർ | പി.ടി.എ. |